# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# രൂത്ത് ഒരു പ്രേമ കഥ

എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest

അംഗികരിച്ചത് : Lyn Doerksen

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2014 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

നിങ്ങളുടെ കുടുംബത്തിൽ നിങ്ങൾക്കുമുമ്പേ ഉണ്ടായിരുന്ന സർവമാന ആളുകളെയും നിങ്ങളുടെ പ്രപിതാമഹന്മാരെയും അവരുടെ മാതാപിതാക്കന്മാരെയും കാണുവാൻ സാധിച്ചാൽ, അവരൊക്കെ ആരായിരുന്നുവെന്ന് അറിയുമ്പോൾ, നിങ്ങളാകെ അത്ഭുതപ്പെട്ടുപോയേക്കും. വേദപുസ്തകത്തിൽ പറയുന്നുണ്ട്, യേശുവിന്റെ പൂർവ്വികരിൽ ഒരാളായ രൂത്ത് വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന ഒരു മോവാബ്യ സ്ത്രീ ആയിരുന്നു.



ഇസ്രായേലിൽ ശിംശോന്റെ കാലത്തിനുശേഷമാണ് രൂത്തിന്റെ കഥ ആരംഭിക്കുന്നത്. അന്ന് ദൈവത്തിന്റെ ജനം ദൈവത്തെ ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് നിർത്തിയിരുന്നു. അപ്പോൾ ദേശത്ത് കടുത്ത ക്ഷാമം ഉണ്ടായി. ക്ഷാമം എന്താണെന്ന് നിങ്ങൾക്ക് അറിയില്ലേ? അതുകൊള്ളാം! ക്ഷാമം എന്നുപറഞ്ഞാൽ കൃഷിയോ ഫലവർഗ്ഗമോ ഉണ്ടാകാത്ത കാലമാണ്. വിശന്നുവിശന്ന് മൃഗങ്ങളും മനുഷ്യരും മരിച്ചുവീഴും.





എലീമേലെക് എന്ന ഒരുവൻ തന്റെ ഭാര്യയോടും രണ്ടു പുത്രന്മാരോടുമൊപ്പം ബേത്‌ലഹേം വിട്ടിട്ട് ഭക്ഷണമന്വേഷിച്ചു പോയി. അവർ പോയത് മോവാബിലേക്കായിരുന്നു. ഈ ദേശക്കാർ വിഗ്രഹാരാധികളായിരുന്നു.



പ്രതീക്ഷിച്ചിരുന്നതുപോലെ
നന്മയായിരുന്നില്ല എലീമേലെക്കിനും കുടുംബത്തിനും
അനുഭവിക്കേണ്ടിവന്നത്. അദ്ദേഹം മരിച്ചുപോയി. അധികം
കഴിയുംമുമ്പേ
രണ്ട്




പുത്രന്മാരും മരണമടഞ്ഞു. പാവം നവോമിയും ആൺമക്കളുടെ
ഭാര്യമാരായിരുന്ന രൂത്തും ഓർപ്പയും ശേഷിച്ചു. ഈ
രണ്ടു പെൺകുട്ടികളും മോവാബ്യരായിരുന്നു.

യഹോവ തന്റെ ജനത്തെ സന്ദർശിച്ച് ആഹാരം കൊടുത്ത വിവരം വിധവയായ നവോമി കേട്ടു. മാതൃദേശത്തേക്ക് മടങ്ങിപ്പോകുവാൻ അവർ തീരുമാനിച്ചു. എന്നാൽ ഈ പെൺകുട്ടികൾ എന്തുചെയ്യും? മോവാബിൽ താമസിച്ചുകൊണ്ട് പുനർവിവാഹം ചെയ്യുവാൻ നവോമി അവർക്ക് ഉപദേശം കൊടുത്തു.



ഓർപ്പാ അവളുടെ കുടുംബത്തിലേക്ക് തിരിച്ചുപോയി. പക്ഷേ രൂത്ത് പോകുവാൻ വിസമ്മതിച്ചു. എന്നിട്ട് രൂത്ത് മനോഹരമായ ഒരു കവിത ചൊല്ലി. അതിന്റെയർത്ഥം അവളൊരിക്കലും തന്റെ അമ്മായിയമ്മയെ വിട്ടുപിരിയുകയില്ല എന്നായിരുന്നു.



നവോമി ബേത്‌ലഹേമിൽ തിരിച്ചെത്തിയപ്പോൾ അവളുടെ പഴയ സുഹൃത്തുക്കൾക്കെല്ലാം വലിയ സന്തോഷമായി. എന്നാൽ അവൾ അവരോടു പറഞ്ഞു, എന്നെ "നവോമി" (സന്തോഷം) എന്നല്ല "മാറാ" (കയ്പ്പ്) എന്ന് വിളിപ്പിൻ. "സർവശക്തൻ എന്നോട് ഏറ്റവും കൈപ്പായുള്ളത് പ്രവർത്തിച്ചിരിക്കുന്നു." രൂത്ത് ഒഴികെ മറ്റൊന്നും ഇല്ലാത്തവളായി നവോമി തിരിച്ചെത്തി.





മോവാബിലെ മറ്റുള്ളവരെപ്പോലെ രൂത്ത് വിഗ്രഹങ്ങളെ സേവിച്ചിരുന്നുവെങ്കിലും അവളത് വിട്ടുപിരിഞ്ഞ് ഇസ്രായേലിന്റെ ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ തുടങ്ങി. നവോമിക്ക് വയറുനിറയെ കഴിക്കുവാൻവേണ്ടി രൂത്ത് കഠിനാധ്വാനം ചെയ്തു. എല്ലാ ദിവസവും അവൾ കൊയ്ത്തുകാരുടെ പിന്നാലെ നടന്നു വീണുകിടന്ന കതിർ മണികൾ പെറുക്കി അഥവാ കാലാ പെറുക്കി.







രൂത്ത് തന്റെ
അമ്മായിയമ്മയെ എത്ര
നന്നായി കരുതുന്നുവെന്നു
വയലിന്റെ ഉടമസ്ഥനായ
ബോവസ് കേട്ടു. അവളെ
കണ്ടതിനുശേഷം ബോവസ്
തന്റെ വേലക്കാർക്ക്
കല്പന കൊടുത്തു:
“പെറുക്കേണ്ടതിന്
അവൾക്കായിട്ട്
കറ്റകളിൽനിന്ന്
വലിച്ചിട്ടേക്കണം. അവളെ
വഴക്കുപറയരുത്.”
ബോവസിന് അവളോട്
ഇഷ്ടം തോന്നിത്തുടങ്ങി.



ബോവസ് തന്നോടു കാണിച്ച ദയയെക്കുറിച്ചു രൂത്ത് നവോമിയോട് പറഞ്ഞപ്പോൾ, ആ വയോധിക ദൈവത്തെ സ്തുതിച്ചു. “ആയാൾ നമുക്ക് അടുത്ത ചാർച്ചക്കാരനും നമ്മുടെ വീണ്ടെടുപ്പുകാരിൽ ഒരുത്തനും ആകുന്നു.”







ദിവസങ്ങൾ കടന്നുപോയി.
ബോവസ് രൂത്തിനെ വിവാഹം കഴിപ്പാനും
നവോമിയെയും അവളുടെ കുടുംബത്തിന്റെ
ഭൂമിയെയും വീണ്ടെടുത്ത് നോക്കി
നടത്തുവാനും ആഗ്രഹിച്ചു.





എന്നാൽ ഏറ്റവും അടുത്ത മറ്റൊരു ബന്ധുവിനായിരുന്നു ആദ്യാവസരം. ആ മനുഷ്യനു ഭൂമി വേണമായിരുന്നു, എന്നാൽ രൂത്തിനെ ഭാര്യയായി സ്വീകരിപ്പാൻ മനസ്സില്ലായിരുന്നു. ന്യായപ്രമാണമനുസരിച്ച് രണ്ടും സ്വീകരിക്കണമായിരുന്നു.

കരാർ ഉറപ്പിക്കുവാൻ കൈ കൊടുക്കുന്നതായിരുന്നില്ല അന്നത്തെ രീതി. ബോവസ് തന്റെ ചെരുപ്പൂരി മറ്റെയാൾക്ക് കൊടുത്തു. അങ്ങനെ കൈമാറ്റം ഉറപ്പാക്കി. രൂത്ത് ബോവസിന്റെ ഭാര്യയായി. ഇപ്പോൾ രൂത്തും നവോമിയും ബോവസിന്റെ കുടുംബാംഗങ്ങളായി മാറി.





ബോവസും രൂത്തും
തങ്ങളുടെ ആദ്യപുത്രനെ
ഒബേദ് എന്നു വിളിച്ചു.
ഒബേദ് യിസ്രായേലിന്റെ
മഹാനായ രാജാവായ
ദാവീദിന്റെ
വല്യപ്പച്ചനായിത്തീർന്നു.

എന്നാൽ അതിലും അത്ഭുതകരമായ കാര്യം, ഒബേദ്
എന്ന ഈ കുഞ്ഞ് കർത്താവായ യേശുക്രിസ്തുവിന്റെ
പൂർവ്വികനായിത്തീർന്നു. രാജാധിരാജാവും
ലോകരക്ഷിതാവുമായ യേശു ദാവീദിന്റെ
കൂടുംബവഴിയിലൂടെയാണ് വന്നത്.



രൂത്ത് ഒരു പ്രേമ കഥ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

രൂത്ത

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക്  വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച്  യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16